മേലെഴുത്ത് നം. C6/19337/2021/DCE തീയതി 17.06.2021

.കോമൺ പൂൾ ലൈബ്രറി സർവീസിലുള്ള ജീവനക്കാർക്ക് സ്റ്റാറ്റിയൂട്ടറി പെൻഷൻ സ്കീമിൽ തുടരുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉന്നത വിദ്യാഭ്യാസ (എ )വകുപ്പിൻറെ 26/05/ 2021 തീയതിയിലെ സ .ഉ (കൈ )നം .270 / 2021 / ഉ .വി .വ തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

എല്ലാ സ്ഥാപനമേധാവികൾക്കും

**Approval Valid**

Digitally Approved By
മനോമോഹൻ കെ
Date: 17.06.2021
Reason: Approved

ഒപ്പ് /-
മനോമോഹൻ കെ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്
(ഇൻ ചാർജ്)

C6

"ഭരണഭാഷ- മാതൃഭാഷ"

Break the chain

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉ.വി.വ. - കോമൺപൂൾ ലൈബ്രറി സർവീസ് - ജീവനക്കാര്യം - സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ തുടരുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

സ.ഉ.(കൈ) നം.270/2021/ഉ.വി.വ    തീയതി,തിരുവനന്തപുരം, 26/05/2021

പരാമർശം:- 1) 07/05/2013-ലെ സ.ഉ. (പി.) നം.209/2013/ധന ഉത്തരവ്.

2) 14/07/2014-ലെ സ.ഉ. (പി.) നം.279/2014/ധന ഉത്തരവ്.

3) 04/07/2015-ലെ 65/2015/ധന നമ്പർ പരിപത്രം.

<u>ഉത്തരവ്</u>

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം, 01/04/2013 മുതൽ സംസ്ഥാനത്തെ സർക്കാർ/പൊതുമേഖല/എയ്ഡഡ്/സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക്, അവർ 01/04/2013-നു മുൻപ് സ്ഥിരം തസ്തികയിൽ നിയമാനുസൃതമായി നിയമിക്കപ്പെട്ടവരും കെ.എസ്.ആർ. ഭാഗം-III പെൻഷൻ പദ്ധതി ബാധകമായിട്ടുള്ളവരുമാണെങ്കിൽ, പരാമർശം (3) പരിപത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

മേൽ പറഞ്ഞിട്ടുള്ള പ്രകാരം, 01.04.2013-നു മുൻപ് സർവ്വീസിൽ പ്രവേശിച്ചവരും അതിനുശേഷം കോമൺപൂൾ ലൈബ്രറി സർവീസിൽ ചേർന്നിട്ടുള്ളവരുമായ ലൈബ്രേറിയന്മാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ തുടരുന്നതിനുള്ള അനുമതി നൽകുന്നതിന് താഴെ പറയും പ്രകാരം നടപടി ക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) കോമൺപൂൾ ലൈബ്രറി സർവ്വീസിൽ പ്രവേശിച്ച് 3 മാസത്തിനകം സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ തുടരുന്നതിനുള്ള അപേക്ഷ നിശ്ചിത ഓപ്ഷൻ ഫോം സഹിതം സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

ii) സ്ഥാപന മേധാവി, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സേവന പുസ്തകത്തിന്റെ സഹായത്തോടെ മുൻകാല സേവന വിശദാംശങ്ങൾ പരിശോധിക്കേണ്ടതും, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ടി ഉദ്യോഗസ്ഥൻ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ തുടരുന്നതിന് യോഗ്യനാണെന്ന് കാണുന്നപക്ഷം, അതിനായുള്ള അപേക്ഷയും ഓപ്ഷൻ ഫോമും ബന്ധപ്പെട്ട വകുപ്പ് മേധാവിയുടെ ശിപാർശയോടെ നിയമനാധികാരിയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

iii) സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ തുടരുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള നിയമനാധികാരിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സ്ഥാപന മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**തരുൺ ലാൽ.എസ്**
**ജോയിന്റ് സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ ഓഫ് ഡ്രെയിനിംഗ്, തിരുവനന്തപുരം.
ലേബർ കമ്മിഷണർ, തിരുവനന്തപുരം.
ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഡസ്ട്രീസ് & കൊമേഴ്സ് വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ.
ഡയറക്ടർ, സയൻസ് & ടെക്നോളജി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കിർത്താഡ്സ്, കോഴിക്കോട്.
സ്റ്റേറ്റ് പോലീസ് ചീഫ്, തിരുവനന്തപുരം.
ഡയറക്ടർ, പോലീസ് അക്കാഡമി, തൃശ്ശൂർ.
ഡയറക്ടർ, ആർക്കൈവ്സ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
പ്രിൻസിപ്പാൾ, പോലീസ് ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പി.ഡബ്ലിയു.ഡി., തിരുവനന്തപുരം.
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,ഫോറസ്റ്റ് ആസ്ഥാന കാര്യാലയം, തിരുവനന്തപുരം.
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവ.ഹോമിയോ മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കോഴിക്കോട്.
പ്രിൻസിപ്പാൾ, ഗവ.ലോകോളേജ്,തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്/ തൃശ്ശൂർ.
പൊതുഭരണ (അക്കൗണ്ട്സ് ബി) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ (പ്രിസം) വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
www.highereducation.kerala.gov.in
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signature valid
Digitally signed by JAYAKUMAR B
Date: 2021.05.2_ _:00:33 IST
Reason: Approved

സെക്ഷൻ ഓഫീസർ